**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5710** **18.11.2019 - ൽ മറുപടിക്ക്.**

## റേഷൻ കടകളിലൂടെ ഗുണനിലവാരമുള്ള അരിയും ഗോതമ്പും

ചോദ്യം

**ശ്രീമതി.പി. അയിഷാ പോറ്റി :**

**(എ)** റേഷൻകടകളിൽ ഗുണനിലവാരമില്ലാത്ത മട്ട അരിയുടെയും ഗോതമ്പിന്റെയും വിതരണം വ്യാപകമാകുന്നത് സംബന്ധിച്ച ആക്ഷേപങ്ങൾ പരിശോധിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

**(ബി)** റേഷൻ കടകളിലൂടെ ഗുണനിലവാരമുള്ള അരിയും ഗോതമ്പും വിതരണം നടത്തുന്നുവെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

മറുപടി

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

**(എ) യും (ബി) യും** സപ്ലൈകോയിലെ ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി ബന്ധപ്പെട്ട മില്ലുകൾ പരിശോധിച്ച് ശുപാർശ ചെയ്തതിന് ശേഷമാണ് മട്ട അരി വിതരണത്തിനായി എത്തുന്നത്. കൂടാതെ മട്ട അരിയ്ക്ക് 3 മാസം വാറണ്ടി ഉള്ളതിനാൽ ടി കാലയളവിനുള്ളിൽ എന്തെങ്കിലും കേടുപാടുകൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് ബന്ധപ്പെട്ട മില്ലിലേയ്ക്ക് മടക്കി നൽകി പുതിയ സ്റ്റോക്ക് ലഭ്യമാക്കി വരുന്നുണ്ട്. റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിനായി എഫ്.സി.ഐ.യിൽ നിന്നും ലഭിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ ഗുണനിലവാര പരിശോധന എഫ്.സി.ഐ. യിലെ ക്വാളിറ്റി കൺട്രോളർ ഉറപ്പ് വരുത്തി ആയതിന്റെ സാമ്പിൾ പായ്ക്കറ്റ് സഹിതമാണ് എൻ.എഫ്.എസ്.എ ഗോഡൗണുകളിലേയ്ക്കും അവിടെ നിന്ന് റേഷൻ കടകളിലേയ്ക്കും ലഭ്യമാക്കുന്നത്. സാമ്പിൾ പായ്ക്കറ്റിലുള്ള ഭക്ഷ്യധാന്യം തന്നെയാണ് ലഭിക്കുന്നതെന്ന് എൻ.എഫ്.എസ്.എ ഗോഡൗണുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും റേഷൻ വ്യാപാരികളും ഉറപ്പ് വരുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് അസിസ്റ്റന്റ് മാനേജർ എൻ.എഫ്.എസ്.എ ഗോഡൗണുകളിലെ അരിയുടെ ഗുണനിലവാരം ഉറപ്പ് വരുത്തിയ ശേഷമാണ് വിതരണം നടത്തുന്നത്. കൂടാതെ ടി

സാമ്പിൾ പായ്ക്കറ്റുകൾ റേഷൻ കടകളിൽ ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പരിശോധന ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പ് വരുത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ എൻ.എഫ്.എസ്.എ ഗോഡൗണുകളിലും എ.ആർ.ഡി. കളിലും FIFO (First In First Out) രീതി കർശനമായും പിൻതുടരണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**